# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്

ഹെഡ് ഓഫീസ്- കോട്ടയം

SAL-F-700/2880 08/10/2025

**ടെണ്ടർ നോട്ടീസ്**

പ്ലാന്റേഷൻ കോർപ്പറേഷന്റെ കോട്ടയം ഹെഡ് ഓഫീസിന് മുൻവശത്ത്, കെ കെ റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന വിപണകേന്ദ്രത്തിന്റെ നടത്തിപ്പവകാശം ഒരു വർഷം കാലാവധിയിൽ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുവ്വാൻ തയ്യാറുള്ളവരിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1. ടെണ്ടറുകൾ 22/10/2025 തീയതി 02:30 **PM** വരെ 1000/- രൂപ നിരതദ്രവ്യം സഹിതം കോട്ടയം ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 3:00 PM-ന് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
2. ടെണ്ടർ ഫോം 118/- രൂപയ്ക്ക് (നിയമാനുസൃത നികുതിയടക്കം പാൻകാർഡ് ഉള്ളവർക്കുമാത്രം) ഹെഡ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.
3. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ടി വിപണന കേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടം പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമേ ടെൻഡർ സമർപ്പിക്കുവാൻ പാടുള്ളൂ. ടെൻഡറിന് ശേഷം ഇത് സംബന്ധിച്ച് യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.
4. നടത്തിപ്പവകാശത്തിനായി ഓരോ മാസവും കോർപ്പറേഷന് നൽകാവുന്ന ഏറ്റവും കൂടിയ തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.
5. ടെണ്ടറിൽ പങ്കെടുക്കുന്ന സമയത്ത് പാൻകാർഡ്, ഐഡന്റിറ്റികാർഡ് എന്നിവയുടെ കോപ്പി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം E.M.D സ്വീകരിക്കുന്നതല്ല.
6. ടെൻഡറിൽ ഉയർന്ന തുക സമർപ്പിച്ച വ്യക്തി ഒരു കാരണവശാലും ടെൻഡറിൽ നിന്ന് സ്വമേധയാ പിന്മാറുവാൻ പാടില്ലാത്തതാകുന്നു. അപ്രകാരം പിന്മാറിയാൽ ടി വ്യക്തി കോർപ്പറേഷനിൽ അടച്ചിരിക്കുന്ന മുഴവൻ തുകയും കണ്ടുകെട്ടുന്നതും ടി വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ റീ-ടെൻഡർ നടത്തുന്നതിനും അതുമൂലം ഉണ്ടാകുന്ന നഷ്ടം ടി വ്യക്തിയിൽ നിന്നും ഈടാക്കുവാനും കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.
7. ടെണ്ടറിൽ ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്നയാൾ അന്ന് തന്നെ 5,000/- രൂപ കോട്ടയം ഹെഡ് ഓഫീസിലടക്കേണ്ടതാണ്. ടെണ്ടർ ഉറപ്പിക്കുന്ന പക്ഷം ഈ തുക കരാർ തുകയായി പരിഗണിക്കുന്നതും ബാക്കി വരുന്ന തുക മാത്രം അടച്ചാൽ മതിയാകുന്നതുമാണ്.
8. കരാറുകാരൻ നിയമാനുസൃത നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.
9. കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ സംഘങ്ങൾ എന്നിവയ്ക്ക് ടെൻഡറിൽ മുൻഗണന നൽകുന്നതാണ്.
10. ടെണ്ടർ ഉറപ്പിച്ച് അറിയിപ്പ് ലഭിക്കുന്നയാൾ അറിയിപ്പ് തിയതി മുതൽ 5 ദിവസത്തിനുള്ളിൽ 20,000/- (ഇരുപതിനായിരം) രൂപ സെക്യൂരിററി ഡിപ്പോസിറ്റ് കെട്ടിവെയ്ക്കേണ്ടതും 200/- രൂപ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെച്ച് വർക്ക് ഓർഡർ കൈപ്പറ്റി ജോലി തുടങ്ങേണ്ടതുമാണ്.
11. ടി വിപണന കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികൾ, വിപണനത്തിനാവശ്യാമായ ലളിതവും ആകർഷകവുമായ രൂപമാറ്റങ്ങൾ എന്നിവ പി സി കെ യുടെ അംഗീകാരത്തോടെ കരാറുകാരന് സ്വന്തം ചെലവിൽ ചെയ്യാവുന്നതാണ്.
12. ടി വിപണന കേന്ദ്രത്തിന്റെ നടത്തിപ്പിനാവശ്യമായ എല്ലാവിധ ഔദ്യോഗിക അനുമതികളും കരാറുകാരൻ സ്വന്തം ചെലവിൽ കാലാകാലങ്ങളിൽ സമ്പാദിക്കേണ്ടതാണ്.

13. ടി വിപണന കേന്ദ്രത്തിന്റെ നടത്തിപ്പും, ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ള കാര്യങ്ങളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ ക്രമീകരിക്കേണ്ടതാണ്.
14. വിൽപ്പന കേന്ദ്രത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് കെ എസ് ഇ ബി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതനുസരിച്ച് കരാറുകാരൻ അടക്കേണ്ടതാണ്.
15. വിപണന കേന്ദ്രത്തിന്റെയും പരിസരത്തിന്റെയും ശുചീകരണം കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും, ചെലവിലും നിർവ്വഹിക്കേണ്ടതാണ്.
16. ഈ കരാറിന്റെ കാലാവധി കരാർ തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രമായിരിക്കും. തുടർന്ന്, വിപണന കേന്ദ്രത്തിന്റെ നടത്തിപ്പ് തൃപ്തികരമാണെന്ന് തോന്നുകയാൽ കരാർ തുകയുടെ 10% വർദ്ധനയോടെ ടി നടത്തിപ്പ് കരാർ പുതുക്കി നൽകുന്നതാണ്.
17. വിപണനകേന്ദ്രത്തിന്റെ പ്രവർത്തന സമയം, തീയതികൾ എന്നിവ പി സി കെ-യുമായി ആലോചിച്ച് നിശ്ചയിക്കേണ്ടതും അവ കൃത്യമായി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.
18. വില്പന നടത്തുന്നതിലേക്കായി എത്തിച്ചു നൽകുന്ന പി സി കെ ഉൽപ്പന്നങ്ങളുടെ വില ഉൽപ്പന്നങ്ങൾ കൈമാറുമ്പോൾ കരാറുകാരൻ അടച്ചിരിക്കേണ്ടതാണ്.
19. പി സി കെ ഉല്പന്നങ്ങളുടെ വില്പനവിലയിൽ പി സി കെ കാലാകാലങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ അനുസരിച്ച് വിൽപ്പന നടത്തുവാൻ കരാറുകാർ ബാധ്യസ്ഥനായിരിക്കുന്നതാണ്.
20. വിപണന കേന്ദ്രത്തിൽ കോർപ്പറേഷന്റെ ഉത്പന്നങ്ങൾക്ക് പുറമെ കോർപ്പറേഷന്റെ അനുമതിയോടു കൂടി പൊതുമേഖല, സർക്കാർ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളും കൂടാതെ നിയമാനുസരണമുള്ള മറ്റ് ഉത്പന്നങ്ങളും മുൻകൂട്ടിയുള്ള അനുമതിയോടെ വിൽപ്പന നടത്താവുന്നതാണ് .
21. പി സി കെ യുടെ ഉല്പന്നങ്ങൾ വിൽക്കുമ്പോൾ വിൽപ്പന വിലയുടെ 10 ശതമാനം കമ്മീഷൻ ആയി കരാറുകാരന് നൽകുന്നതാണ്.
22. കരാർ കാലാവധിക്കിടയിൽ കരാറുകാരനിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ യാതൊരുവിധ നാശമോശപ്രവൃത്തികളും നിയമവിരുദ്ധപ്രവൃത്തികളും ഉണ്ടാകാൻ പാടില്ല. ഉണ്ടായാൽ കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. ഇത്തരത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം കോർപ്പറേഷൻ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.
23. കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ടി വിപണന കേന്ദ്രം ഏതു സമയവും പരിശോധിക്കാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.
24. തീപിടുത്തം, വരൾച്ച, പ്രകൃതി ക്ഷോഭം, കോർപ്പറേഷൻ തൊഴിലാളികളുടെയോ, കരാറുകാരുടെ തൊഴിലാളികളുടെയോ സമരം / പണിമുടക്ക് മുതലായവ മൂലമുണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ നാശനഷ്ടങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദി ആയിരിക്കുന്നതോ, നഷ്ടപരിഹാരം നല്കുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്.
25. കാരണം കാണിക്കാതെ കരാർ കാലാവധിക്കിടയിൽ ഒരു മാസം മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദാക്കുവാൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ആയതുമായി ബന്ധപ്പെട്ട തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു.
26. ടെൻഡർ സംബന്ധമായി തർക്കങ്ങളോ സംശയങ്ങളോ ഉണ്ടാകുന്ന പക്ഷം പി സി കെ-യുടെ മാനേജിംഗ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതാണ്.

27. കോർപ്പറേഷനിലെ നിലവിലുള്ള മററ് ടെണ്ടറുകളുടെ പൊതുവായ വ്യവസ്ഥകൾ ഈ ടെണ്ടറിനും ബാധകമായിരിക്കും.
28. ടെണ്ടറുകൾ തുറക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള ദിവസം ഏതെങ്കിലും കാരണവശാൽ ആയതിന് കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം അതേ സമയത്ത് ടി ടെണ്ടർ നടത്തുന്നതുമാണ്.
29. ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ ദീർഘിപ്പിച്ച തിയതിവരെ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

**മാനേജിംഗ് ഡയറക്ടർ**